## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .352 29/06/2015-ൽ മറുപടിക്ക്**

# ആവശ്യമുള്ള വൈദ്യുതി - ഉല്പാദനവും കണ്ടെത്തലും.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നതെന്നും ഇവ ആവശ്യമുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണെന്നും, കുറവുള്ള വൈദ്യുതി ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് കണ്ടെത്തുന്നതെന്നും ഇതിനായി എത്ര തുക ബോർഡ് ചെലവഴിക്കുന്നുവെന്നും വ്യക്തമാക്കുമോ ; | (എ) 2015 മേയ് മാസത്തിലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ശരാശരി 62.78 mu വൈദ്യുതി ആവശ്യമാണ്. ഇതിൽ 25.7287 mu സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നു. ഇത് ആവശ്യകതയുടെ 41 ശതമാനമാണ്. കേന്ദ്ര വിഹിതമായി 30.68 mu ലഭിക്കുന്നു. കുറവുള്ള വൈദ്യുതി സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ വൈദ്യുതി നിലയങ്ങൾ, മധ്യകാല കരാറുകൾ, പവർ എക്സ്ചേഞ്ചുകൾ അടക്കമുള്ള ഹ്രസ്വകാല സ്രോതസ്സുകൾ എന്നിവ ഉപയോഗപ്പെടുത്തി കണ്ടെത്തുന്നു.<br><br>മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് പ്രതിമാസം ഏകദേശം 560 കോടി രൂപ ബോർഡിന് ചെലവാകുന്നുണ്ട്. |
| (ബി) വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി നിലവിൽ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി ഊർജ്ജോൽപ്പാദനത്തിനായി പരിഗണിക്കേണ്ട പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 107.5 MW-ന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷ |

(- - - 2)

ത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജലവൈദ്യുത പദ്ധതികൾക്കു പുറമേ താപവൈദ്യുത നിലയങ്ങളും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള പദ്ധതികളും സംസ്ഥാനത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇവയുടെ വിശദാംശം അനുബന്ധം 1, 2 ആയി ചേർത്തിട്ടുണ്ട്.

(സി) കൂടുതലായി വേണ്ടിവരുന്ന വൈദ്യുതിക്കായി യൂണിറ്റിന് പ്രതിദിനം എത്ര തുക ബോർഡ് ചെലവഴിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിനു പുറമേ നിന്ന് (കേന്ദ്ര നിലയങ്ങളിലെ വിഹിതം ഉൾപ്പെടെ) വൈദ്യുതി വാങ്ങുന്നതിന് പ്രതിദിനം ശരാശരി 18 മുതൽ 19 കോടി രൂപ വരെ വൈദ്യുതി ബോർഡ് ചെലവഴിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം. I താപനിലയങ്ങൾ

1) ബ്രഹ്മപുരം ഡീസൽ നിലയത്തിലെ പ്രവർത്തനരഹിതമായ രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം ഏകദേശം 39.86 MW ന്റെ സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ ഏകദേശം പൂർത്തിയായി വരുന്നു. കോൺട്രാക്ടറുമായി കരാറിലേർപ്പെടുവാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു.

2) ബ്രഹ്മപുരം ഡീസൽ നിലയത്തോട് അനുബന്ധമായി കാലിയായിക്കിടക്കുന്ന സ്ഥലത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏകദേശം 400 MW സ്ഥാപിതശേഷി വരുന്ന വാതകാധിഷ്ഠിത കമ്പയിൻഡ് സൈക്കിൾ പവർ പ്രോജക്ടിന്റെ പാരിസ്ഥിതിക ആഘാതവുമായി ബന്ധപ്പെട്ട പഠനം ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഭഗവതി അനാലാബ്സ് (പ്രൈ)' എന്ന കൺസൾട്ടൻസി നടത്തിവരുന്നു.

3) പെറ്റ്കോക്കിൽ നിന്ന് 500 MW ന്റെ വൈദ്യുതി ഉദ്പാദിപ്പിക്കുന്ന നിലയം കൊച്ചി റിഫൈനറിയോട് ചേർന്നു കിടക്കുന്ന 150 ഏക്കർ സ്ഥലത്ത് സ്ഥാപിക്കുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി. പ്രാഥമിക പഠനം നടത്തി സ്വിസ് ചലഞ്ച് മാതൃകയിൽ ക്വോട്ട് സമർപ്പിക്കുന്നതിന് INKEL എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ പ്രകാരം അവർ പ്രാഥമിക റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഇന്ധനമായ പെറ്റ്കോക്കിന്റെ വില സംബന്ധിച്ച് ബി.പി.സി.എല്ലുമായി ചർച്ചകൾ ഗവൺമെന്റ് തലത്തിൽ പുരോഗമിച്ചുവരുന്നു.

4) പുതുവൈപ്പിൽ പെട്രോനെറ്റ് എൽ.എൻ.ജി.യുമായി സഹകരിച്ച് 1200 MW സ്ഥാപിതശേഷിയുള്ള പ്രകൃതിവാതകം ഇന്ധനമായി ഉപയോഗിക്കുന്ന കമ്പയിൻഡ് സൈക്കിൾ വൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതിക്കാവശ്യമായ സ്ഥലം കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൈമാറ്റം ചെയ്യാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

5) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 400 x 3 MW സ്ഥാപിതശേഷിയുള്ള വാതകാധിഷ്ഠിത കമ്പയിൻഡ് സൈക്കിൾ വൈദ്യുത പദ്ധതി, ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന കൊച്ചി-മംഗലാപുരം പ്രകൃതിവാതക പൈപ്പ് ലൈനിന്റെ പണികൾ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക്, പദ്ധതിയുടെ പാരിസ്ഥിതിക അനുമതി നേടി മുന്നോട്ട് കൊണ്ട് പോകുവാൻ സാധിക്കുന്നതാണ്.

6) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 660 x 2 = 1320 MW സ്ഥാപിതശേഷിയുള്ള കൽക്കരി ഇന്ധനമായി ഉപയോഗിക്കുന്ന താപവൈദ്യുതപദ്ധതിയും പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം – 2 (1)

സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സൗരോർജ്ജ ..കൾ

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കെട്ടിടങ്ങളുടെ അനുയോജ്യമായ മേൽക്കൂരകളിൽ ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 1.35 |
| 2 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കഞ്ചിക്കോട് ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 3 | പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.096 |
| 4 | 110 കെ വി. കൊല്ലംകോട് സബ് സ്റ്റേഷന്റെ പരിസരത്ത് ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 5 | പൊരിങ്ങൽകുത്ത് പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 0.050 |
| 6 | കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ പോൾ മൗണ്ടട് ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.040 |
| 7 | തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ (stage -1) | 0.13456 |
| 8 | RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.1315 |
| 9 | വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ ഡാമിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 10 | കക്കയം സോളാർ പമ്പിംഗ് പ്ലാന്റ് സ്ഥാപിക്കൽ | 1 |
| | കക്കയം സോളാർ ഫ്ലോട്ടിംഗ് പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 11 | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് Stage-I | 0.5 |
| | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് Stage-II | 2.5 |
| 12 | ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകൾ | 3.25 |
| 13 | ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ കനാലിന്റെ മുകളിൽ സൗരോർജ്ജ പദ്ധതി | 2 |
| | ആകെ | 15.05206 |

II. മറ്റ് ഏജൻസി വഴി നടപ്പാക്കാൻ ലക്ഷ്യമിടുന്ന പാരമ്പര്യേതര പദ്ധതികൾ

| സോളാർ പദ്ധതി | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
| A | ഉപഭോക്താക്കൾ വഴി സ്ഥാപിക്കുന്ന ചെറിയ ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് പദ്ധതികൾ | |
| 1 | സൗരവൈദ്യുത ഉല്പാദന സംവിധാനം വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷൻ 10.06.2014 Grid Interactive Distributed Solar Energy System എന്ന പേരിൽ ഒരു റഗുലേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം സംസ്ഥാനത്തെ എല്ലാതരം LT / HT ഉപഭോക്താക്കളുടേയും സൗരോർജ്ജ പാനലുകൾ അവർ അപേക്ഷിക്കുന്ന മുറയ്ക്ക് വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. CEA-യുടെ 2013-ലെ Technical Standards of connectivity for Distributed Generation Resource Regulation അനുസരിച്ചാണ് ഇത്തരം വൈദ്യുതി ഉല്പാദന സംവിധാനങ്ങൾ പ്രവർത്തിക്കേണ്ടത്. EHT ഉപഭോക്താക്കൾക്ക് പ്രസരണ ശൃംഖലയുമായി ബന്ധിപ്പിക്കാവുന്ന പദ്ധതികൾ അനുവദിച്ചുകൊണ്ട് ബോർഡ് ഉത്തരവായിട്ടുണ്ട്.<br>സംസ്ഥാനത്തെ 9 ഉപഭോക്താക്കളിൽ നിന്നായി 154 കിലോവാട്ട്സ് സൗരോർജ്ജ പാനലുകൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. | |
| B | ഉയർന്ന ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് പദ്ധതികൾ | |
| 1 | കൊല്ലം ജില്ലയിൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതി | 50 |
| 2 | കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ SECI-യുമായി സഹകരിച്ചുകൊണ്ടുള്ള പദ്ധതി | 200 |
| | ആകെ | 250 |

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| കാറ്റാടി പദ്ധതി | | |
| 1 | Inox Renewable Energy Limited കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി | 22 |
| 2 | എൻ.എച്ച്.പി.സി.., പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി | 82 |
| | ആകെ | 104 |

Section Officer